**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1538** **12.06.2019 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) മണലൂർ മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി നടപ്പാക്കിയിട്ടുള്ളത്;

എ) മണലൂർ നിയോജക മണ്ഡലത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ ആണ് 2018-19 വർഷം കേരഗ്രാമ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

ബി) കേരഗ്രാമങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് അറിയിക്കാമോ;

ബി) പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ പ്രകാരം 250 ഹെക്ടറിന്(ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ.

ഇതിൽതാഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.

a). ഇടയിളക്കൽ. തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്
(b). തൊണ്ട് കുഴിച്ചിടീൽ- 50 രൂപ/തെങ്ങ്
(c). കുമ്മായം- 9 രൂപ/തെങ്ങ്
d). രാസവളം - 20 രൂപ/തെങ്ങ്
e). മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്
f). ജൈവവളം - 25 രൂപ/തെങ്ങ്
g). സസ്യസംരക്ഷണം- 10 രൂപ/തെങ്ങ്
h).ജീവാണുവളങ്ങൾ, ജൈവീക നിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്- 75 രൂപ/ തെങ്ങ്.
i). രോഗംബാധിച്ചതും ഉൽപ്പാദന ശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന് -1000 രൂപ/തെങ്ങ്
J).ഗുണമേൻമയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്
k). ഇടവിള കൃഷി - 6000 രൂപ ഹെക്ടറിന്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.

3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. 8 ജൈവ വള ഉൽപ്പാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തനചെലവായി 1 ലക്ഷം രൂപ.

6. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മിനികയർ നിർമ്മാണ/ സംസ്കരണ യൂണിറ്റിന് 2 ലക്ഷം രൂപ.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചിലവായി 15000/- രൂപ.

8. താൽപ്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിതധനസഹായം.

9. 2018-2019 വർഷത്തെ കേര ഗ്രാമങ്ങൾക്കുള്ള 2-ാം വർഷസഹായം 20.0085 ലക്ഷം രൂപ.

സി) ഈ വർഷം കൂടുതൽ പ്രദേശങ്ങളിൽ കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സി) ഉണ്ട്. 2019-2020 സാമ്പത്തിക വർഷം സംസ്ഥാനത്ത് പുതിയതായി 55 കേരഗ്രാമങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 4300 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

Mayal

**സെക്ഷൻ ഓഫീസർ**